പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :368 | 12.01.2021 ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ.മുഹമ്മദ് മുഹസിൻ.പി

മറുപടി

ശ്രീ. പി.തിലോത്തമൻ

ഭക്ഷ്യവും, പൊതുവിതരണവും,

വകുപ്പ് മന്ത്രി

**പട്ടാമ്പി മണ്ഡലത്തിൽ കോവിഡ് കാലത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾ**

(എ) കോവിഡ് കാലത്ത് ഭക്ഷ്യവകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് കോവിഡ് കാലത്ത് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ) & (ബി) കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് ബുദ്ധിമുട്ടുകൾ നേരിടുന്ന സംസ്ഥാന ജനതയ്ക്കുള്ള കരുതൽ നടപടിയെന്ന നിലയിൽ സപ്ലൈകോ മുഖേന തയ്യാറാക്കി 2020 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്തു വരുന്ന വിവിധ കോവിഡ് സമാശ്വാസ കിറ്റുകൾ പട്ടാമ്പി മണ്ഡലത്തിലെ കാർഡുടമകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. റേഷൻകടകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭക്ഷ്യകിറ്റുകളുടെ വിതരണം പരാതിരഹിതമായി ചെയ്തിട്ടുണ്ട്. 541 അതിഥി തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 71 ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. റേഷൻ കടകളിൽ 2020 ഏപ്രിൽ മുതൽ ഡിസംബർ വരെ ആകെ 6,15,665 കാർഡുകൾക്ക് ഭക്ഷ്യകിറ്റുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് 19 മഹാമാരിയുടെ സമയത്ത് റേഷൻ കാർഡുടമകൾക്ക് അർഹമായ ഭക്ഷ്യധാന്യങ്ങൾ/ ഭക്ഷ്യകിറ്റുകൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി റേഷൻ കടകളിൽ എല്ലാ മാസങ്ങളിലും കൃത്യമായ പരിശോധന നടത്തിവരികയും ക്രമക്കേടുകൾ കണ്ടെത്തുന്ന

റേഷൻകടകൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ